Mr. C. V. Iyyu *(Kunnamkulam)*: How long will it take Sir?
Mr. K. Ayyappan *(Minister for Works and Revenue)*: It may take at least one year.

SEETHARAM MILL CASE—INFORMATION REGARDING

20. (96) മിസ്റ്റർ എ. ഈച്ചരമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) സീതാറാം മില്ലിലെ അപഹരണങ്ങൾ കണ്ടെത്തിയിട്ട് എത്ര ആഴ്ചയായി;

(ബി) ഇതുവരെ അതിനെ പറ്റി എന്തെല്ലാം നടപടികൾ എടുത്തു?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ:

(എ) ഉദ്ദേശം $8\frac{1}{2}$ മാസം.

(ബി) ഈ സംഗതി കോടതിമുമ്പാകെ വിചാരണയിൽ ഇരിക്കുന്നതാകകൊണ്ട് മറുപടി പറയുവാൻ തരമില്ല.

മിസ്റ്റർ പി. കെ. ഡിവർ: ഈ അപഹരണത്തിന്ന് ആരെയെല്ലാം ചാർജ്ജ് ചെയ്തിട്ടുണ്ട്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഹൈക്കോടതിയിൽ നിന്ന നിയമിച്ച റിസീവർമാരായ ചേലൂർ ഇട്ടീരവിനയൂതിരി, ടി. എ. രാമചന്ദ്രയ്യർ, ഹസൂറിലെ ഒരു സൂപ്രണ്ടായ കേശവൻനമ്പൂതിരി എന്നീ മൂന്നാളുകളെ ചാജ്ജ് ചെയ്തിട്ടുണ്ട്.

മിസ്റ്റർ പി. കെ. ഡിവർ: ചില വലിയ സക്കാർ ഉദ്യോഗസ്ഥന്മാരുടെ രാജിയും ഈ അപഹരണക്കേസുമായി വല്ല ബന്ധവുമുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ചീഫ് ജസ്റ്റീസ് രാജിവെച്ചത് ഈ സന്ദർഭത്തിലും ഇതിനെ സംബന്ധിച്ച കാരണംകൊണ്ടമാണ്.

Mr. A. K. George *(Kattur)*: Is the Government aware that the Government has ever made any pressure on the Chief Justice to put in a resignation letter?

Mr. E. Ikkanda Warriar *(Prime Minister)*: I am not aware of that.

Mr. C. V. Iyyu *(Kunnamkulam)*: May I know whether Government can pnt any pressure on Judges of the High Court?

No answer. മിസ്റ്റർ പി. കെ. ഡിവർ: ഈ അപഹരണവുമായി ബന്ധമുള്ളതുകൊണ്ടാണ ചീഫ് ജസ്റ്റീസിനെ രാജിവെയ്ക്കേണ്ടിവന്നത് എന്നാണൊ ഞാൻ മനസ്സിലാക്കേണ്ടത്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനെപ്പറ്റി കൂടുതൽ പറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ പി. കെ. ഡിവർ: ഈ കേസുമായി ബന്ധപ്പെട്ടതുകൊണ്ടാണ് ചീഫ് ജസ്റ്റീസിനെ രാജിവെയ്ക്കേണ്ടിവന്നതെന്ന പറഞ്ഞില്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ കേസിൽ അദ്ദേഹമില്ല. കേസിൽ മൂന്നാളുകളെമാത്രമെ ചാജ്ജ് ചെയ്തിട്ടുള്ളൂ.

മിസ്റ്റർ ടി. പി. സീതാരാമൻ: ദിനപത്രങ്ങളിൽ ഇതിനെ സംബന്ധിച്ചു തെളിവുകൾ ഒന്നും എടുക്കുന്നില്ലെന്നുള്ള വല്ല റിപ്പോർട്ടുകളും ഗവൺമെണ്ട് കണ്ടിട്ടുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു കാലതാമസം നേരിടുന്നതുകൊണ്ടുണ്ടായിട്ടുള്ള തെറ്റിദ്ധാരണമൂലം പറയുന്നതാണ്. ചാർജ് ചെയ്യപ്പെട്ടവരിൽ രണ്ടുപേർ ഹൈക്കോർട്ടിൽനിന്ന നിയമിക്കപ്പെട്ട റസീവർമാരാകയാൽ ചാർജ് നിലനില്ക്കുന്നതിനു ഹൈക്കോർട്ടിന്റെ അനുവാദം അവശ്യമാണ്. ആ അനുവാദത്തിന്ന് അപേക്ഷിച്ചിട്ട് അതു കിട്ടാൻ നേരിടുന്ന താമസമാണ് ഈ കേസിന്റെ കാലദൈർഘ്യത്തിന്ന കാരണം.

മിസ്റ്റർ പി. കെ. ഡിവർ: ഈ കേസിനെ സംബന്ധിച്ച Investigation ഒക്കെ കഴിഞ്ഞൊ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: Investigation അവസാനിച്ചുവെന്ന് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ കെ. കരുണാകരൻ: ഈ കേസുമായി ബന്ധമുള്ളതുകൊണ്ടാണൊ ഈ ഉദ്യോഗസ്ഥൻ രാജിവെച്ചത് എന്നതിനെപ്പറ്റി ഗവൺമെണ്ട് അന്വേഷിക്കാമൊ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഈ കേസ് ചാർജ് ചെയ്യാൻ ഇനി എത്ര കാലതാമസ മുണ്ടെന്നുള്ളതറിയാനാണ് ചോദ്യംകൊണ്ടുദ്ദേശിച്ചിട്ടുള്ളത്. താമസത്തിനുള്ള കാരണം പറഞ്ഞു. ഇനി അതിനെപ്പറ്റി പല സംഗതികളും പറഞ്ഞുവന്നാൽ അതു വിഷമിപ്പിക്കുന്ന ഒന്നാണ്.

മിസ്റ്റർ പി. കെ. ഡീവർ: പോലീസ് നടപടി എടുക്കുന്നില്ലേ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: മൂന്നു മുള്ളകളുടെ പേരിൽ ചാർജ് കൊടുത്തു. അതിൽ രണ്ടുപേർ ഹൈക്കോട്ടിൽനിന്നു നിയമിച്ച റിസീവർമാരാകയാൽ ഹൈക്കോട്ടിന്റെ അനുവാദം വേണം. ആ കാര്യം ഹൈക്കോട്ടിന്റെ ആലോചനയിലിരിക്കുകയാണ്. ഫൈനൽ റിപ്പോർട്ട് സെപ്റ്റംബർ 20-ാംനു ഹൈക്കോട്ടിൽ ഫർജി കൊടുത്തതാണ്. രണ്ടു മാസത്തിൽ അധികമായി. രണ്ടു മാസം മാത്രമെ അനേഷണത്തിനൊടുത്തിട്ടുള്ളൂ.

മിസ്റ്റർ കെ കുഞ്ഞിരാമൻ മേനോൻ: ഇനി എത്രകാലം വേണ്ടിവരും?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അതു ഹൈക്കോട്ടാണ് തീരുമാനിക്കേണ്ടത്. ഹൈക്കോട്ടിന്റെ കാര്യത്തിൽ മറ്റുള്ളവർക്കു കയ്യിടാൻ അധികാരമില്ല.

മിസ്റ്റർ കെ. ടി. അച്യുതൻ. ഈ അപഹരണം എത്രലക്ഷം രൂപ വരും?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അറിഞ്ഞുകൂടാ.

മിസ്റ്റർ സി. വി. ഇയ്യു: അഞ്ചരലക്ഷത്തോളം വരുമോ? (ചിരി)

Mr. President: That question does not arise.

ചോദ്യം ൪൫ (൫൭)തുടർന്നു

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കന്നി വ്യാപാരത്തിലെ എക്സ്പ്രസ്സിൽ മതാഴിലാളികളുടെ അടിസ്ഥാനശമ്പളത്തിന്റെ ൪൦ ശതമാനം ബോണസ് നൽകണമെന്നും അപ്പലറേറ് ട്രിബ്യൂണൽ എടുത്തുകളയണമെന്നുമാണ് പറഞ്ഞിരുന്നതു്. അതിൽ അപ്പലറേറ് ട്രിബ്യൂണൽ എടുത്തുകളഞ്ഞു. മിനിമം വേജസ് ബിൽ ഈ നിയമസഭയിൽതന്നെ അവതരിപ്പിക്കാൻ അജണ്ടയിൽ കൊള്ളിച്ചിട്ടുണ്ട്.

2. Amendments to the Standing Orders of the Cochin Legislative Council

Mr. P. Govinda Menon *(Minister for Finance and Law)*: Sir, I move that the amendment to the Cochin Legislative Council Standing Orders be taken up and finally passed now.

Mr. E Ikkanda Warriar *(Prime Minister)*: I second it.

Mr. President: The question is that the amendment to the Cochin Legislative Council Standing Orders be taken up and finally passed.

Motion put and carried

മിസ്റ്റർ പി. കെ. ഡീവർ: സർ, ഈ Amendment പാസ്സായിക്കഴിഞ്ഞാൽ അതു ഇമ്മീഡിയറ്റ് (Immediate) ആയിട്ടു നടപ്പിൽ വരുമെന്നാണ് പറഞ്ഞിരിക്കുന്നതു്. ആ സ്ഥിതിക്കു് ഇപ്പോൾ Adjourn ചെയ്തു് മുന്നണിക്കു കൂടുന്നതല്ലേ നല്ലതു്?

Mr. P. Govinda Menon *(Minister for Finance and Law)*: That, Sir, is due to a misapprehension. If a S. O. is amended, it becomes law and in force only after it gets the sanction of the Diwan according to section 31(2) of the Government of Cochin Act. Subsequently the word "Diwan" has been amended and the word "Government" has been substituted. Therefore the position is after this has been passed in this Assembly, it must get the assent of the Minister in charge of legislation and the Legislative Assembly. Then only will it become valid and I may even now inform the House that I propose to give my assent during the course of the day and I request the Secretary, Legislative Assembly to announce it after the last item of the business of the day, so that from tomorrow onwards, the matter will come into force.

3. Condolence Motion on the demise of Mr. George Panikulam

Mr. President: It is with much sorrow that I have to make this reference on the demise of Mr. George Panikulam. I suppose there is hardly anyone here who does not know the late Mr. George Panikulam. He was a member of this Council for some time, but before that for a very long time he was in the service of the Government and he was noted for his high integrity.

LIBRARY ARCHIVES Kerala Legislative Assembly